# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 2333 15/07/2011-ൽ മറുപടിക്ക്

## മഞ്ചേശ്വരം മണ്ഡലത്തിലെ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്: | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | **(എ), (ബി) & (സി):**<br>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മഞ്ചേശ്വരം മണ്ഡലത്തിലും നടപ്പിലാക്കുന്നുണ്ട്. അവ ചുവടെ ചേർക്കും പ്രകാരമാണ്.<br>(i) ഭവന നിർമ്മാണ ധനസഹായ പദ്ധതി<br>(ii) ഭൂരഹിത-ഭവനരഹിത-പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭൂമി വാങ്ങൽ പദ്ധതി<br>(iii) ചികിത്സാധനസഹായം<br>(iv) മിശ്രവിവാഹ ധനസഹായം<br>(v) വിവിധ സ്വയംതൊഴിൽ പദ്ധതികൾക്കുള്ള ധനസഹായം<br>(vi) വിവാഹ ധനസഹായം |
| (ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | |

| | |
|---|---|
| (സി) ഓരോ പദ്ധതിക്കും എത്ര രൂപ ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ? | ഈ പദ്ധതികളെല്ലാം തന്നെ ഈ സാമ്പത്തിക വർഷവും തുടരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് അർഹതപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം മുൻകൂട്ടി നിശ്ചയിക്കുവാൻ സാധിക്കാത്തതിനാൽ ആവശ്യമായി വരുന്ന തുക എത്രയെന്ന് മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയുകയില്ല.<br><br>മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ കൂടാതെ മഞ്ചേശ്വരം മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>(i) പൂട്ടിക്കിടന്നിരുന്ന ബേള ഐ.ടി.സി. 2010-11 വർഷം മുതൽ പ്രവർത്തനം പുനഃരാരംഭിച്ചിട്ടുണ്ട്.<br><br>(ii) മംഗൽപാടി പഞ്ചായത്തിലെ കുബണൂരിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കുബണൂർ വില്ലേജിൽ ഒരേക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br><br>(iii) മഞ്ചേശ്വരം മണ്ഡലത്തിലെ ആൺകുട്ടികൾക്കു വേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് മഞ്ചേശ്വരം ഗോവിന്ദപൈ കോളേജ് കോമ്പൗണ്ടിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2,19,31,672/- രൂപയ്ക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ആഫീസർ